**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5023** **20-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിൽരഹിതരെ കണ്ടെത്താൻ സർവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എത്ര തൊഴിൽരഹിതർ ഉണ്ടെന്ന് കണ്ടെത്തുന്നതിന് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവ്വേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് ചെയ്യുന്നില്ല. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് എംപ്ലോയ്മെന്റ് വകുപ്പിൽ ലഭ്യമായിട്ടുള്ളത്. സംസ്ഥാനത്തെ എല്ലാ തൊഴിൽരഹിതരും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യണമെന്ന് നിയമം മൂലം നിർബന്ധമാക്കിയിട്ടില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാവരും തൊഴിൽ രഹിതരാകണമെന്നുമില്ല. |
| (ബി) | പ്രസ്തുത സർവ്വേ നടത്തിയിട്ടില്ലെങ്കിൽ സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം സംബന്ധിച്ച് ഏത് ആധികാരിക രേഖയാണ് സർക്കാരിന്റെ കൈവശമുള്ളത്; ആയത് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ തൊഴിലില്ലായ്മ സംബന്ധിച്ച് സർവ്വേ നടത്തുകയോ മറ്റ് വിവരശേഖരണം നടത്തുകയോ തൊഴിൽ വകുപ്പ് ചെയ്യുന്നില്ല. കേരളത്തിലെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് മാത്രമാണ് സർക്കാരിൽ ലഭ്യമായിട്ടുള്ളത്. അതിനാൽ തന്നെ സംസ്ഥാനത്തെ തൊഴിൽ രഹിതരുടെ എണ്ണം സംബന്ധിച്ച് ആധികാരിക രേഖ തൊഴിൽ വകുപ്പിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ